# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26
# G.T.W.L.P. സ്കൂൾ
# ആനവായ്

# Profile

- Name of school : Anavai
- Date of Establishment : 1978
- Name of village : Padavayal
- Name of cluster : BRC Agali
- Name of Panchayath : Pudur
- Name of Block : Attappadi
- Name of BRC : Agali
- Name of District : Palakkad
- Name of Sub-District : Mnnarkkad
- Name of Head Master : Prakasan.P.P
- Mobile number : 9495618849
- Senior Assistant : Selvan.M
- Email ID : gtwlps123@gmail.com
- School code : 21805

## ആമുഖം

1978-ലാണ് ഈ വിദ്യാലയം സ്ഥാപിതമായത് . 1 മുതൽ 4 വരെ ക്ലാസ്സുകളാണ് ഇവിടെ പ്രവർത്തിക്കുന്നത് .ഇന്ന് നിലവിലുള്ള സ്കൂൾ കെട്ടിടത്തിന്റെ കുറച്ചു താഴെയാണ് മുൻപ് സ്കൂൾ പ്രവർത്തിച്ചിരുന്നത് .അന്ന് സ്കൂൾ ഓല ഷെഡായിരുന്നു .പിന്നീടാണ് ഇന്നു കാണുന്ന കെട്ടിടത്തിലേക്ക് മാറിയത് .

പ്രാക്തന ഗോത്രവിഭാഗമായ "കുറുമ്പ "വിഭാഗത്തിൽപ്പെട്ട കുട്ടികളാണ് ഇവിടെ പഠിക്കുന്നത് .ആനവായ് ,തുടുക്കി ,കടുകമണ്ണ ,മുരുഗള ,കിണറ്റുകര ,തുടങ്ങിയ ഉന്നതിയിലെ കുട്ടികളാണ് ഇവിടെ പഠിക്കുന്നത് .കുട്ടികൾക്ക് താമസിച്ചു പഠിക്കാൻ ഇവിടെ ഹോസ്റ്റൽ സൗകര്യം ലഭ്യമാണ് .

സൈലന്റ് വാലി നാഷണൽ പാർക്കിനോട് അനുബന്ധിച്ചുള്ള വന പ്രദേശത്താണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത് .മുക്കാലിയിൽ നിന്ന് ഏകദേശം 12 KM ദൂരെ വനത്തിനകത്താണ് ഈ വിദ്യാലയം .അതുകൊണ്ടുതന്നെ യാത്ര സൗകര്യങ്ങൾ പരിമിതമാണ് .

## പൊതു വിശകലനം

സാമൂഹികപരമായും ,സാമ്പത്തികപരമായും ,വിദ്യാഭ്യാസപരമായും ,ഏറെ പിന്നോക്കം നിന്നിരുന്ന പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ ആനവായിൽ 1978-ലാണ് ഈ വിദ്യാലയം രൂപീകരിക്കുന്നത് .1 മുതൽ 4 വരെ ക്ലാസ്സുകളാണ് ഇവിടെ പ്രവർത്തിക്കുന്നത് .ആനവായ് ,തുടുക്കി ,കടുകമണ്ണ ,മുരുഗള ,കിണറ്റുകര ,തുടങ്ങിയ ഉന്നതിയിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള ആശ്രയം ഈ വിദ്യാലയമാണ് .

പുതൂർ ഗ്രാമ പഞ്ചായത്തിലെ ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിൽ 1 മുതൽ 4 വരെ ക്ലസ്സുകളിലായി ഇപ്പോൾ 32 കുട്ടികൾ പഠിക്കുന്നു .
ഹെഡ്മാസ്റ്റർ ഉൾപ്പെടെ 4 അദ്ധ്യാപകരും ഒരു മെന്റർ ടീച്ചറും പിന്നെ P.T.C.M ഉം ഇവിടെ ജീവനക്കാരായി ഉണ്ട് .

## ലക്ഷ്യങ്ങൾ

- ഓരോ ക്ലാസ്സിലും ഓരോ വിഷയവുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക .
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക .
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക .
- I.C.T അധിഷ്ഠിത പഠനത്തിനാവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കുക .
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസ്സുകളും പഠനതന്ത്രങ്ങളും സ്വീകരിക്കുക .
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തെ മാറ്റിയെടുക്കുക .
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക .
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുൻനിരയിലെത്തിക്കുക .
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനു അവസരം ഒരുക്കുക .

## അധ്യാപകരും വിവരങ്ങളും

| അധ്യാപകന്റെ പേര് | സബ്ജക്ട് കൗൺസിലർ | ക്ലാസ്സ് ചുമതല |
|---|---|---|
| പ്രകാശൻ .പി .പി | ക്ലാസ്സ് 4 | കായികം , മലയാളം |
| സെൽവൻ .എം | ക്ലാസ്സ് 2 | സ്റ്റാഫ് സെക്രട്ടറി , ലൈബ്രറി |
| ഹരിശങ്കർ .എസ് | ക്ലാസ്സ് 3 | കംപ്യൂട്ടർ, SRG കൺവീനർ വിദ്യാരംഗം ,പരിസ്ഥിതി ക്ലബ്ബ് |
| വള്ളി .പി | ക്ലാസ്സ് 1 | ഗണിത ക്ലബ്ബ് ,ഇംഗ്ലീഷ് ക്ലബ്ബ് |
| ദേവി .കെ | മെന്റർ ടീച്ചർ | പ്രവൃത്തിപരിചയം , സയൻസ് ക്ലബ്ബ് |
| ശ്രീകല . | P.T.C.M | |

# ജൂൺ

## പ്രവർത്തനങ്ങൾ

- ആ പൂർണ്ണ പങ്കാളിത്ത ക്ലാസ് പി.ടി.എ
- ഒന്നൊരുക്കം (വിദ്യാലയ ലെവൽ പ്രവർത്തനങ്ങൾ)
- സചിത്ര നോട്ടുബുക്ക്, സചിത്ര പാഠസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ
- സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
- അക്കാദമിക് മാസ്റ്റർ പ്ലാൻ അവതരണം.
- ചിത്രകാർഡുകൾ, വായനകാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ
- വായനോത്സവവും കഥാവേളയും.
- വായനക്കാർഡുകൾ
- സംയുക്ത വിലയിരുത്തൽ.

# ജൂലൈ

പ്രവർത്തനങ്ങൾ:

- സംയുക്തധ്വനി എഴുതാൻ സഹായം ഒരുക്കൽ
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ധ്വനി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരത്തും എടുത്തു നോക്കാനും അവസരം നൽകുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്രവായനക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

# ഓഗസ്റ്റ്

## പ്രവർത്തനങ്ങൾ

- വീഡിയോസ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷാശേഷി വികസനത്തിനായി ചിത്രവായനക്കുള്ള കാർഡുകൾ, അക്ഷരപ്പാട്ടുകൾ എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ സൗകര്യങ്ങൾ നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ എത്തപ്പെടുന്നു.

## സെപ്റ്റംബർ

**പ്രവർത്തനങ്ങൾ:-**

- സംയുക്ത ധ്വനി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വന്തം രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ധ്വനി മെച്ചപ്പെടുത്തുന്നു.
- അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വന്തം രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

## ഒക്ടോബർ

**പ്രവർത്തനങ്ങൾ:-**

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്രവായനക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വന്തം രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടികവിതകൾ വായിച്ച് ആസ്വാദിക്കുകയും ഒറ്റക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

## നവംബർ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കൂട്ടി എഴുത്ത് ആരംഭിക്കുന്നു.
- ചിത്രവായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ടവായന നടത്തുന്നു.
- ചെറുകഥകൾ പറഞ്ഞ് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- പത്രവായനക്ക് അവസരം ഒരുക്കൽ
- താളാത്മകമായി കവിതകൾ ചൊല്ലൽ
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

## ഡിസംബർ

### പ്രവർത്തനങ്ങൾ :-

- രചന ശേഷി പരിപോഷിക്കൽ
- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാതെ എഴുതുന്നു.
- രണ്ടും മൂന്നും പേരടങ്ങുന്ന ചെറുഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ-പൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പര ചിന്തനം ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂട്ടുകാർ മെച്ചപ്പെടുത്തി എഴുതുന്നു. വായിക്കുന്നു.

# ജനുവരി

## പ്രവർത്തനങ്ങൾ:-

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള വൈവിധ്യമാർന്ന ശില്പശാലകൾ നടത്തുന്നു.
- ഡിജിറ്റൽ സാധ്യതകൾ വായന കാർഡുകൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി

### പ്രവർത്തനങ്ങൾ:

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കാനും എഴുതാനും അവസരം ഒരുക്കുന്നു.
- ആശയപൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ സാന്നിധ്യം ഉറപ്പാക്കുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്

### പ്രവർത്തനങ്ങൾ:

- കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ, പുസ്തക രൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചിത്രവായന, സ്വന്തവായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

# വിലയിരുത്തൽ പ്രവർത്തനങ്ങൾ

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര രചനകളെ വായനക്കാർ-സ്വീകാര്യമായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പി-ച്ചിട്ടുണ്ട്.
- കുട്ടികളുടെ രചനകൾ ചേർന്ന് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനു മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനായുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാക്കുട്ടികളുടെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

## June

- Introduce symbol words.
- Provides picture cards.

## July

- Identify familiar words
- Say familiar words
- Read familiar words
- write familiar words.

## August

- Enjoy songs and sings with Rhythm and action.
- Describes orally about pictures and objects using adjectives

## September

- Read and write simple words and simple sentences.
- Provides picture cards and reading cards.
- Enjoy songs and sings with Rhythm and action.

## October

- Introduce symbol picture descriptions
- Make word chain, Sentence chain
- make riddles
- Describing words, rhyming words
- Text book activities

## November

- Prepare reading cards
- provide more opportunities to read, write and speake English
- Write five English words daily.

## December

- Read and understand simple instructions in the classroom.
- Encourage digital reading.
- provide more opportunities to read, write and speak English
- Text book activities.

## January

- Enjoy songs and sings them with Rhythm and action.
- make picture albms.
- Collect pictures of animals and its young ones.

## February

- Provide the opportunity to express myself in the classroom.
- English assembly once ina week

## March

- Speaks English fluently.
- Read and write simple sentences
- picture reading and picture description.
- make reading cards
- writes simple sentences daily
- make riddles.
- Enjoy songs and sings them with Rhythm and action.

# ഗണിതം

## ആമുഖം:-

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാത്ത മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ:-

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു. എഴുതുന്നു.
- അഞ്ചു വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- അഞ്ചുവരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എണ്ണുന്നു. എഴുതുന്നു വായിക്കുന്നു.
- ഒമ്പതിൽ താഴെവരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.

- സംഖ്യകളെ ആരോഹണ - അവരോഹണ ക്രമത്തിൽ എഴുതുന്നു. വായിക്കുന്നു.
- രണ്ട് ഒരക്ക സംഖ്യയുടെ സങ്കലനം.
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം
- ഒന്നുമുതൽ '20' വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യാപാറ്റേൺ രൂപീകരിക്കൽ
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

## ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

## ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

## ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ, ആലപിക്കൽ
- ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ
- ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.

## ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ്
- വലിയസംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

## നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു.
- ഗണിത അനുഭവം ആരായണം

## ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലന വ്യവകലന ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നുമുതൽ 10 വരെയുള്ള സംഖ്യകൾ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

- ഗണിത അനുഭവം പിടി.എയിൽ പ്രദർശിപ്പിക്കുന്നു.
- വിലവിവരപ്പട്ടിക, ഗുണന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

# ഔൻച്ച്

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ പൂർത്തിയാക്കുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ
- സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ--മലയാളം ക്ലാസ്സ് : 2

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണ സംവിധാനം | അവതരണം |
|---|---|---|---|---|
| **മുന്നൊരുക്കം-** പ്രീ ടെസ്റ്റ് നടത്തുന്ന എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്ന നിലവിലുള്ള അവസ്ഥ കഴിവുകൾ പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു. രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിയും സ്വന്തം ഭാഷയിൽ സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന് | -ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്).<br>-ഭാഷണത്തിന് ക്ലാസ്സിൽ അവസരമൊരുക്കൽ.<br>- വായനാ സാമഗ്രികൾ നിർമിക്കൽ .<br>-വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ നടപ്പിലാക്കുന്നു .<br>-ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു<br>-ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു .<br>-സ്കൂൾ ലൈബ്രറി ക്ലാസ്സ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു. | ജൂൺ ജൂലൈ | എസ് .ആർ .ജി പി .റ്റി .എ | ക്ലാസ്സ് തലം |
| രണ്ടാം ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹവായന ഉറപ്പാക്കുക .<br>ആശയം , ണം ,താളം എന്നിവ പരിഗണിച്ച വരികൾ കൂട്ടിച്ചേർത്ത കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു . | -ക്ലാസ്സ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ.<br>- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ .<br>-വീട്ടു ലൈബ്രറി ഒരുക്കൽ ,ചിത്ര വിവരണം തയ്യാറാക്കൽ.<br>-വായന തലത്തിൽ എത്തിച്ച വിത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു .<br>-വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ. | ആഗസ്റ്റ് സെപ്റ്റംബർ | എസ് .ആർ .ജി ക്ലാസ്സ് പി. റ്റി. എ | ക്ലാസ്സ് തലം ക്ലാസ്സ് പി. റ്റി. എ |

| | | | | |
|---|---|---|---|---|
| ക്ലാസ്സിലെ എല്ലാ കുട്ടികളെയും തറ്റുകളില്ലാത്ത ക്ലാസ്സ്നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക . | - വായിച്ചകഥയിൽനിന്ന് സംഭാഷണം ഒരുക്കൽ<br>- വായിച്ചകഥയിൽനിന്ന്ചോദ്യങ്ങൾ ഉണ്ടാക്കൽ<br>- വായിച്ചകഥയ്ക്ക് രംഗാവിഷ്ക്കാരം ചെയ്യൽ | | | |
| കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു | -കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്ത ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ .<br>-വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ വേണ്ടുന്ന മുൻഗണന നൽകുന്നു -<br>(ഉദാ :-ആന-<br>വലിയ ആന -<br>കറുത്ത വലിയ ആന)<br>-കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു . | ഒക്ടോബർ നവംബർ | എസ് .ആർ .ജി<br>പി .റ്റി .എ | സ്കൂൾ തലം അസംബ്ലി |
| ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു | -ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കൽ .<br>-വരികൾ കൂട്ടിച്ചേർത്ത പാടുന്നതിനും എഴുതുന്നതിനാുള്ള അവസരം ഒരുക്കൽ.<br>- ലഘു വിവരണങ്ങൾ പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുള്ള അവസരം | ഡിസംബർ ജനവരി | എസ് .ആർ .ജി<br>ക്ലാസ്സ് പി. റ്റി. എ | സ്കൂൾ തലം അസംബ്ലി |

| | | | | |
|---|---|---|---|---|
| വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു. | ഒരുക്കൽ .<br>-എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം ,എഴുത്ത് ,ലേഖനം )<br>-കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കൽ .<br>-വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ<br>- മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ<br>-ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ കയ്യെഴുത്തുമാസിക തയ്യാറാക്കൽ<br>-വീട്ടുവായന ,കൂട്ടുവായന ,അമ്മ വായന ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ .<br>-ക്ലാസ്സ് ലൈബ്രറി സ്കൂൾ ലൈബ്രറിശക്തമാക്കൽ | ഫെബ്രുവരി മാർച്ച് | എസ് .ആർ .ജി ക്ലാസ്സ് പി. ടി. എ | അസംബ്ലി ക്ലാസ്സ് പി .ടി. എ വാർഷികം |

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | അവതരണം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ തിരിച്ചറിയൽ, പരിഹരിക്കൽ | • നിലവാരം തിരിച്ചറിയുന്നതിന് പ്രീ-ടെസ്റ്റ്<br>• അക്ഷരകാർഡുകൾ നൽകി അക്ഷരങ്ങൾ ഉറപ്പിക്കൽ, ചിഹ്നങ്ങൾ തിരിച്ചറിയൽ<br>• ചിഹ്നങ്ങൾ കൂട്ടിച്ചേർക്കൽ | ജൂണിലെ ആദ്യ ആഴ്ചകൾ | എസ്.ആർ.ജി | |
| | • ചിത്രങ്ങൾ നൽകി, ബന്ധപ്പെട്ട വാക്യങ്ങൾ നിർമ്മിക്കൽ | ജൂൺ - മാർച്ച് | | |
| പാഠപുസ്തകങ്ങൾക്ക് പുറമെ കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന വിവിധ വായനാ സാമഗ്രികൾ ലഭ്യമാക്കുക. അവ വായിച്ചവതരിപ്പിക്കാനുള്ള സന്ദർഭം ഒരുക്കുക. | • ക്ലാസ്സ് മുറിയിൽ വായനാമൂല സ്ഥാപിക്കുക. | ജൂൺ ആദ്യ വാരം | എസ്.ആർ.ജി | |
| | • കുട്ടികൾക്കിണങ്ങുന്ന പുസ്തകം/ പുസ്തകഭാഗം ഭാവാത്മകമായി വായിക്കാനവസരം<br>• വായിച്ചതിൽ നിന്ന് പുതിയ വാക്കുകൾ കണ്ടെത്തുക. | ജൂൺ — മാർച്ച് | എസ്. ആർ. ജി | വായനാവാരം, ക്ലാസ്സ് പി.ടി.എ, സർഗ്ഗവേള, പഠനോത്സവം |

| | | | | |
|---|---|---|---|---|
| ബാലസാഹിത്യ രചനകൾ/ കൃതികൾ എന്നിവ പരിചയപ്പെടൽ | • കഥയരങ്ങ് – അദ്ധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ, ICT എന്നിവരെ ഉൾപ്പെടുത്തി കഥകൾ അവതരിപ്പിക്കൽ<br>• ബാലസാഹിത്യ കൃതികൾ പ്രദർശനം | ജൂലൈ – മാർച്ച്<br>ജൂൺ-19 | എസ്.ആർ.ജി<br>പി.ടി.എ<br>എസ്.എം.സി<br>എസ്.ആർ.ജി. | |
| സർഗ്ഗാത്മക / സ്വതന്ത്ര രചനകൾ, സംസാര ശേഷി എന്നി നൈപുണികളുടെ വികസനം | • സർഗ്ഗാത്മക ഡയറി<br>• ചിത്രവായന, ചിത്ര വിവരണം<br>• ചിത്രങ്ങൾ, വീഡിയോ ഇവ പ്രദർശിപ്പിച്ച് കഥകൾ രചിക്കാൻ അവസരം<br>• വേർഡ് വെബ് നിർമ്മിക്കുക.<br>• ചോദ്യോത്തര പയറ്റ്<br>• കടങ്കഥ, പഴഞ്ചൊല്ല് എന്നിവ ശേഖരിച്ച് അവതരിപ്പിക്കൽ | ജൂലൈ – മാർച്ച്<br>ആഗസ്റ്റ് – മാർച്ച് | എസ്.ആർ.ജി | പഠനോത്സവം, പി.ടി.എ |
| ശബ്ദശേഖരം വർദ്ധിപ്പിക്കൽ | • ഭാഷാ കേളികൾ<br>• ആക്ഷൻ സോംഗ്സ്<br>• ICT, ലൈബ്രറി പുസ്തകങ്ങൾ | ജൂലൈ – മാർച്ച് | എസ്.ആർ.ജി<br>പി.ടി.എ | പഠനോത്സവം |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | വിഭവ സംവിധാനം | അവലോകനം |
|---|---|---|---|---|
| | പ്രീ ടെസ്റ്റ് | | | |
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ രൂപീകരിക്കൽ. | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, വൃത്തം, ത്രികോണം എന്നിവ നിർമ്മിക്കുന്നു. | ജൂൺ-ജൂലൈ | എസ്. ആർ. ജി രക്ഷിതാക്കൾ | |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാ പാറ്റേണുകൾ<br>• നാണയങ്ങൾ, കളിനോട്ടുകൾ | ആഗസ്റ്റ് | എസ്. ആർ. ജി ഗണിത ക്ലബ്ബ് | |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക. | • കളിനോട്ടുകൾ, സംഖ്യാകാർഡുകൾ അവ ഉപയോഗിച്ചുള്ള ഗണിത കേളികൾ<br>• വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്തംബർ | എസ്. ആർ. ജി | |
| ചതുഷ്ക്രിയകൾ നേടാൻ കുട്ടികളെ പ്രാപ്തരാക്കൽ | • മനക്കണക്ക്, മഞ്ചാടിക്കളി, ICT, നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, വിവിധ ഗണിത കേളികൾ | അക്കാദമിക വർഷം മുഴുവൻ | എസ്. ആർ. ജി. പി. ടി. എ | പഠനോത്സവം ക്ലാസ് പി.ടി.എ |

| | | | | |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയൽ | ഒറിഗാമി ശില്പശാല.<br>രസകരമായി ഗണിത പഠനവും, നിർമ്മാണ പ്രവർത്തനങ്ങളും.<br>ഒറിഗാമി രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | എസ്.ആർ.ജി പി.ടി.എ | പഠനോപകരണ |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണ സംവിധാനം | അവലോകനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെക്കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക. | • സസ്യങ്ങളെ നിരീക്ഷിക്കൽ<br>• വ്യത്യസ്ത തരം സസ്യങ്ങളെയും പൂക്കളെയും തിരിച്ചറിയൽ. | ജൂൺ-ജൂലൈ | എസ്.ആർ.ജി | |
| | • സസ്യങ്ങളെ തരംതിരിക്കൽ<br>• പ്രകൃതി നിരീക്ഷണം<br>• പൂക്കളോട് സംസാരം<br>• വ്യത്യസ്ത തരം ജീവികളെ നിരീക്ഷിക്കൽ, ചിത്ര രചന<br>• മണ്ണ് നിരീക്ഷണം, തരംതിരിക്കൽ<br>• മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ<br>• മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ | ജൂൺ - മാർച്ച്<br>ജൂലൈ<br>ഓഗസ്റ്റ് | എസ്.ആർ.ജി<br>പി.ടി.എ<br>എസ്.ആർ.ജി<br>പി.ടി.എ | ക്ലാസ് പി.ടി.എ<br>പഠനോത്സവം |

| | | | | |
|---|---|---|---|---|
| പ്രകൃതി സംരക്ഷണം | • മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക.<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ സേനക്ക് കൈമാറൽ<br>• മഴക്കുഴി നിർമ്മാണം | ഓഗസ്റ്റ് - സെപ്തംബർ | എസ്.ആർ.ജി<br>പി.ടി.എ<br>ഹരിതകർമ സേന | |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• ആരോഗ്യ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ<br>• പോസ്റ്റർ നിർമ്മാണം - ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ<br>• ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ്സ് | ജൂൺ - മാർച്ച്<br>സെപ്തംബർ - ഒക്ടോബർ | എസ്.ആർ.ജി<br>പി.ടി.എ<br>ഹെൽത്ത് ക്ലബ്ബ്<br>ആരോഗ്യപ്രവർത്തകർ | |
| ആരോഗ്യ സംരക്ഷണം | • ഭക്ഷ്യമേള, നല്ല ഭക്ഷണശീലങ്ങൾ<br>• ഓരോ കുട്ടിക്കും ആരോഗ്യ കാർഡ്<br>• BMI കാണൽ<br>• ആരോഗ്യ പ്രവർത്തകരുടെ അഭിമുഖം | ഒക്ടോബർ - നവംബർ | എസ്.ആർ.ജി<br>പി.ടി.എ<br>ഹെൽത്ത് ക്ലബ്ബ്<br>ആരോഗ്യപ്രവർത്തകർ | |

| | | | | |
|---|---|---|---|---|
| | • ഫസ്റ്റ് എയ്ഡ് കിറ്റ് നിർമ്മാണം | നവംബർ - ഡിസംബർ | എസ്. ആർ. ജി<br>പി. ടി. എ<br>ഹെൽത്ത് ക്ലബ്ബ്<br>ആരോഗ്യ പ്രവർത്തകർ | |

# ENGLISH

| Aim | Activities | Time | support | Presentation |
|---|---|---|---|---|
| To Read, speak and write without any mistakes. | • Pre-test - To identify reading and writing skills.<br>• Write simple words<br>• Reading cards<br>• Word games.<br>• Picture Reading - students can Express their ideas in malayalam also. | June-July<br>July-March<br>July-March | SRG<br>SRG | C PTA |
| To study, write and read simple words. & Improve Vocabullary | • Circle word from TB and read<br>• Introducing dictionary - arrange words in alphabetical order and identify new words.<br>• Identifying rhyming words.<br>• Making simple riddles | whole Academic year. | | |

| | | | | |
|---|---|---|---|---|
| Create more opportunities for English speaking in the class room | • Communication by using simple words.<br>• Giving chance to understand and using day to day conversations.<br>(Like asking permissions, simple conversations, self introduction etc) | Whole Academic year. | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ. വ്യത്യസ്തമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുംവരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം<br>വായനാശേഷി വളർത്തൽ | ക്ലാസ് വായനാമൂലം ക്ലാസ് ലൈബ്രറി ഒരുക്കൽ ഉടനീളം പരിപാടിയായി വായനാക്കുറിപ്പ് തയ്യാറാക്കിപ്പിച്ച് | വർഷം മുഴുവൻ | HM<br>SRG<br>CPTA | PTA ഫണ്ട് |
| എഴുതാം തെളിയാം | പാഠഭാഗങ്ങളിൽനിന്നും പഠനപ്രവർത്തനങ്ങളിൽനിന്നും ചോദ്യ ശേഖരിക്കൽ | പ്രതിമാസം (വർഷം മുഴുവൻ) | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| അറിയാം കൂട്ടിയാം<br>അറിവ് ടെക്നോളജിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിച്ച് പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA ഫണ്ട് |

| | | | | |
|---|---|---|---|---|
| രുചിച്ചറിയാം<br>നമ്മുടെ തനതു (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള<br>പാചകക്കുറിപ്പ് - പതിപ്പ് നിർമ്മാണം<br>ക്ലാസ്സിലൊരു സദ്യ. | വർഷത്തിൽ ഒന്ന് | SRG ക്ലാസ്സ്ടീച്ചർ PTA | PTA ഫണ്ട് |
| ഓർമ്മിക്കാം... ആഘോഷിക്കാം<br>സാഹിത്യകാരന്മാരുടെ ജന്മ-ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ<br>ഫോട്ടോകളുടെ പ്രദർശനം.<br>പുസ്തക പരിചയം<br>ജീവചരിത്രം<br>പതിപ്പ് നിർമ്മാണം | ആവശ്യാനുസരണം | SRG ക്ലാസ്സ്ടീച്ചർ PTA | PTA ഫണ്ട് |
| കലക്കൂട്ട്<br>പാഠഭാഗവുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ഉപയോഗപ്പെടുത്തൽ.<br>അനുഭവ കഥനങ്ങൾ പരിചയപ്പെടൽ | വർഷത്തിൽ ഒന്ന് | SRG ക്ലാസ്സ്ടീച്ചർ PTA | PTA ഫണ്ട് |
| സർഗോത്സവം<br>ഭാഷാചരണ ദിനത്തിൽ അഭിരുചി പ്രകടനങ്ങളുടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | വർഷത്തിൽ ഒന്ന്. | SRG ക്ലാസ്സ്ടീച്ചർ PTA | PTA ഫണ്ട് |

# ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാപഠനം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഒഴുക്കോടെ വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ ഒരു ദിവസം അസംബ്ലി ചേരൽ മുഴുവൻ നിർബന്ധമായും ഇംഗ്ലീഷിൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA. |
| ഇംഗ്ലീഷ് ഡയറി<br>ദൈനംദിന ഇംഗ്ലീഷ് എഴുത്ത് ശേഷി | ദിവസവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ | ആഴ്ചയിൽ ഒരു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് ക്ലബ്ബ്<br>സർഗാത്മകത പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Drama, Conversation, story telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA. |

ഇംഗ്ലീഷ് മെച്ചപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ മികവുള്ള ചെറാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനം ഉൾക്കൊള്ളിച്ച് കുട്ടികൾക്ക് കത്ത് എഴുതൽ | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ<br>വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂലകങ്ങൾ വായനാ വേദികൾ | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | [illegible] |

ഉൽപ്പന്ന പരീക്ഷണം (കെമിസ്ട്രി ലാബുകൾ)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠന താൽപര്യം വളർത്തുക, ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക. | പരീക്ഷണങ്ങളോട് താല്പര്യമുണ്ടാകുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കാനായത്തിൽ പരീക്ഷണ കെമിസ്ട്രി ലാബുകൾ | എല്ലാ മാസവും | ടീച്ചേഴ്സ് | PTA. |
| പരീക്ഷണത്തിന് ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസത്തിന് ദിനംപ്രതിയും നിത്യജീവിതത്തിലെ ഉൽപ്പന്നങ്ങൾ. | കുട്ടികൾ വീട്ടിലും ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യാവുന്ന വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് പരീക്ഷണത്തിന് ചെയ്യാവുന്നവ | ജൂൺ മുതൽ മാർച്ച് വരെ | ടീച്ചേഴ്സ് | PTA S.M.C |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിലുള്ള താല്പര്യം ഉദാ: ശാസ്ത്ര പരീക്ഷണ കൗതുകവും വളർത്തുക. | ക്ലാസ് മുറികളിൽ ശാസ്ത്ര ഉപകരണങ്ങൾ കൊണ്ടുവന്ന് കുട്ടികളെ അതിൽ പങ്കാളികളാക്കുക. | ക്ലാസ് മാസ [illegible] | ക്ലാസ് ടീച്ചർ ശാസ്ത്രജ്ഞർ | PTA. |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ. നടപ്പാക്കൽ - ഗുണനവും ഹരണവും സമസ്യകളി. സങ്കലനം, വ്യവകലനം മച്ചുവടുകളി | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | PTA. |
| ഒറിഗാമിയിലൂടെ പഠിക്കാം. ഗണിതശാസ്ത്ര പഠനം രസകരമാക്കൽ. സർഗാത്മകശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിൽ രണ്ടുതവണ ഉചിതമായ സമയത്ത് | ക്ലാസ് ടീച്ചർ | PTA. |
| ഗണിതലാബ് ഗണിതപഠനപ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ SRG | PTA. |